2009, ഖുത്ബ നമ്പര്‍- 16

بسم الله الرحمن الرحيم

# പ്രാര്‍ത്ഥന ശക്തമാക്കുക.

17.04.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

വിശുദ്ധഖുര്‍ആനിലെ വിവിധ ആയത്തുകളില്‍ വിവിധ വിഷയങ്ങള്‍ വിവരിച്ചുകൊണ്ട് അല്ലാഹു തന്റെ ദാസരോട് ചെയ്യുന്ന വ്യത്യസ്ഥ രീതിയിലുള്ള കാരുണ്യത്തെക്കുറിച്ച് പരാമര്‍ശിക്കുമ്പോള്‍ അവ അവന്റെ لَطِيْف എന്ന ഗുണനാമത്തോട് ബന്ധിപ്പിച്ചുകൊണ്ട് പറഞ്ഞിട്ടുണ്ട്. ഞാന്‍ ഇപ്പോള്‍ ആ ആയത്തുകളെക്കുറിച്ചും വിഷയങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നതാണ്. ചില നിഘണ്ടുകര്‍ത്താക്കളും വിശുദ്ധഖുര്‍ആന്റെ ആയത്തുകളുടെ വെളിച്ചത്തില്‍ വിശുദ്ധഖുര്‍ആന്‍ വ്യാഖ്യാതാക്കളും لَطِيْف എന്ന വാക്കിന് നല്‍കിയിരിക്കുന്ന വിവക്ഷ ആദ്യം കേള്‍പ്പിക്കും. അക്റബുല്‍ മവാരിദ് എന്ന നിഘണ്ടുവില്‍ لَطِيْف എന്ന പദത്തിന് നല്‍കിയിരിക്കുന്ന അര്‍ത്ഥം കാരുണ്യം നല്‍കുന്നവന്‍ എന്നാണ്. ഇത് അല്ലാഹുവിന്റെ ഗുണനാമങ്ങളില്‍ പെട്ട ഒരു നാമവുമാകുന്നു. അപ്പോള്‍ അതിന്റെ അര്‍ത്ഥം തന്റെ ദാസരോട് കാരുണ്യത്തോടെ വര്‍ത്തിക്കുന്നവന്‍, സൃഷ്ടികള്‍ക്ക് അവര്‍ക്കാവശ്യമായ ദയയും കാരുണ്യവും നല്‍കിക്കൊണ്ട് അവരോട് അനുകമ്പയോടെ വര്‍ത്തിക്കുന്നവന്‍, വളരെ സൂക്ഷ്മമായതും നിഗുഢമായതുമായ കാര്യങ്ങള്‍ അറിയുന്നവന്‍ എന്നെല്ലാമാണ്. ഇമാം കുര്‍ത്തബി ഈ പദത്തിന്റെ അര്‍ത്ഥം ഇപ്രകാരം രേഖപ്പെടുത്തുന്നു. അല്ലാഹു തന്റെ ദാസരോട് അനുകമ്പ കാണിക്കുക എന്നതിന്റെ അര്‍ത്ഥം അവര്‍ക്ക് സദാ പ്രവര്‍ത്തി ചെയ്യാനുള്ള തൗഫീഖ് നല്‍കുക, അവരെ പാപങ്ങളില്‍ നിന്നും രക്ഷപ്പെടുത്തുക എന്നെല്ലാമാണ്. മുലാത്വിഫത്ത് എന്ന പദം ഇതില്‍ നിന്നാണ് നിഷ്പന്നമായിരിക്കുന്നത്. ജുനൈദ് ബഗ്ദാദീ (റഹ്) എഴുതുന്നു. നിന്റെ ഹൃദയത്തെ നേര്‍മാര്‍ഗമാകുന്ന പ്രകാശത്താല്‍ പ്രകാശപൂരിതമാക്കുകയും അന്ന പാനീയങ്ങള്‍ മുഖേന നിന്റെ ശരീരത്തെ പോഷിപ്പിക്കുകയും പരീക്ഷണ സമയത്ത് തന്റെ സഹായ ഹസ്തം നല്‍കുകയും ചെയ്യുന്നവനെയാണ് لَطِيْف എന്ന് പറയുന്നത്. നീ അഗ്നികുണ്ഡത്തില്‍ അകപ്പെടുമ്പോള്‍ അവന്‍ നിന്നെ സഹായിക്കുകയും തന്റെ സംരക്ഷണത്തിന്റെ സ്വര്‍ഗ്ഗത്തില്‍ പ്രവേശിപ്പിക്കുകയും ചെയ്യുന്നു. لَطِيْفٌ بِعِبَادِهٖ എന്നതിന്റെ അര്‍ത്ഥം കല്‍പന നല്‍കുന്നതിലും ശിക്ഷിക്കുന്നതിലും തന്റെ സൃഷ്ടികളോട് വളരെയധികം കാരുണ്യം കാണിക്കുന്നവന്‍ എന്നാണ്. ചിലര്‍ പറഞ്ഞിരിക്കുന്നത് لَطِيْف എന്നതിന്റെ അര്‍ത്ഥം തന്റെ ദാസരുടെ സദ്ഗുണങ്ങള്‍ പ്രത്യക്ഷമാക്കുന്നവനും എന്നാല്‍ അവരുടെ ന്യൂനതകള്‍ മറച്ചുവെക്കുകയും ചെയ്യുന്നവനും എന്നാണ്. يَا مَنْ اَظْهَرَ الْجَمِيْلَ وَ سَتَرَ الْقَبِيْحَ എന്ന തിരുനബി (സ) ന്റെ തിരുവചനം ഈ ആശയത്തേയാണ് വെളിപ്പെടുത്തുന്നത്. നല്ലതിനെ വെളിപ്പെടുത്തുകയും മോശമായതിനെ മറച്ചുവെക്കുകയും ചെയ്യുന്നവനേ- لَطِيْف എന്നതിന് നല്‍കിയിരിക്കുന്ന മറ്റൊരര്‍ത്ഥം ചെറിയ ത്യാഗത്തേപ്പോലും വിലമതിക്കുന്നവനും അതിന് മഹത്തരമായ പ്രതിഫലം നല്‍കുകയും ചെയ്യുന്നവന്‍ എന്നുമാണ്. ഏതൊരാളുടെ പ്രവര്‍ത്തനം തകര്‍ന്ന് തരിപ്പണമായിട്ടുണ്ടോ അവന്റെ പ്രവര്‍ത്തനങ്ങള്‍ നേരെയാക്കിക്കൊടുക്കുന്നവന്നും ബുദ്ധിമുട്ടുന്നവന് സുഖസൗകര്യങ്ങള്‍ നല്‍കുന്നവന്നും لَطِيْف എന്ന് പറയുന്നു. മറ്റൊരര്‍ത്ഥം നല്‍കിയിരിക്കുന്നത് ധിക്കാരിയെ പിടികൂടുന്നതില്‍ ധൃതികാണിക്കാത്തവനും തന്നില്‍ പ്രതീക്ഷയര്‍പ്പിക്കുന്നവനെ നിരാശനാക്കാത്തവനും എന്നുമാണ്. ദൈവജ്ഞാനികളുടെ അന്തരംഗത്ത് തന്റെ അസ്തിത്വത്തെ തിരിച്ചറിയുന്നതുമൂലം അവരില്‍ ഒരു ദീപം ജ്വലിപ്പിക്കുകയും സിറാത്തെ മുസ്തഖിം അവരുടെ സഞ്ചാരപഥമാക്കുകയും അവരില്‍ തുടര്‍ച്ചയായി വര്‍ഷിക്കുന്ന തന്റെ സദ്പെരുമാറ്റമാകുന്ന പേമാരി മുഖേന അവര്‍ക്ക് അതിവിശാലമായ അനുഗ്രഹങ്ങള്‍ നല്‍കുന്നവന്‍ എന്നാണ് ലത്വീഫിന്റെ അര്‍ത്ഥം എന്ന് ചിലര്‍ പറയുന്നു. ഫതാമ്പിക്ക് എഴുതുന്നു. لَطِيْف എന്നാല്‍ തന്റെ സൃഷ്ടികളോട് അനുകമ്പ കാണിക്കുന്നവനും സൃഷ്ടികള്‍ അറിയുന്ന മാര്‍ഗ്ഗത്തിലൂടെ അവരോട് കാരുണ്യവും അനുകമ്പയും പ്രകടിപ്പിക്കുന്നവനും അവര്‍ക്ക് ഊഹിക്കാന്‍ പോലും കഴിയാത്ത മാര്‍ഗ്ഗങ്ങളിലൂടെ അവര്‍ക്ക് നന്മ വരുത്തുകയും ചെയ്യുന്ന അസ്തിത്വമാണ്. ചില പണ്ഡിതന്മാര്‍ പറയുന്നത് ഓരോ പ്രശ്നത്തിന്റെയും അതിസൂക്ഷ്മതലങ്ങള്‍ അറിയുന്ന അസ്തിത്വത്തിനാണ് لَطِيْف എന്ന് പറയുന്നത് എന്നാണ്. വളരെ സൂക്ഷ്മമായ കാര്യങ്ങള്‍ അറിയുന്നവന്‍ എന്നും അര്‍ത്ഥമുണ്ട്. ഈ പറഞ്ഞതിന്റെ എല്ലാ ചുരുക്കം لَطِيْف എന്ന അല്ലാഹുവിന്റെ സിഫത്തിന് ചുവടെ ചേര്‍ക്കുന്ന അര്‍ത്ഥങ്ങളുണ്ട്.

1. അല്ലാഹു ഹിദായത്തിന്റെ പ്രകാശം ഈ സ്വിഫത്ത് മുഖേന നല്‍കുന്നു.

2. അല്ലാഹു നമ്മുടെ ഭൗതികവും ആത്മീയവുമായ വളര്‍ച്ചക്കുള്ള സാമഗ്രികള്‍ ഈ സിഫത്ത് മുഖേന പ്രതാനം ചെയ്യുന്നു.

3. ഈ സിഫത്ത് മുഖേന പരീക്ഷണഘട്ടങ്ങളില്‍ അല്ലാഹു നമ്മുടെ സുഹൃത്തും സഹായിയുമായിത്തീരുന്നു.

4. നരകത്തില്‍ നിന്നും രക്ഷപ്പെടാനുള്ള മാര്‍ഗങ്ങള്‍ അവന്‍ നമുക്ക് പഠിപ്പിച്ചുതരുന്നു.

5. പ്രയാസങ്ങളുണ്ടാകുമ്പോള്‍ അവന്‍ നമ്മെ സംരക്ഷിക്കുന്നു.

6. ലത്വീഫ് എന്ന ഗുണം മുഖേന അവന്‍ നമ്മുടെ ന്യൂനതകള്‍ മറച്ചുവെക്കുന്നു.

7. ഈ സിഫത്ത് മുഖേന നമ്മുടെ ചെറിയ ചെറിയ ത്യാഗങ്ങള്‍ക്ക് അതിമഹത്തരങ്ങളായ പ്രതിഫലങ്ങള്‍ നല്‍കുന്നു.

8. ഈ സിഫത്തുകാരണം അവന്‍ ശിക്ഷിക്കുന്നതിന്നായി മനുഷ്യരെ ഉടനടി പിടിക്കുന്നില്ല.

9. ഓരോ കാര്യത്തെക്കുറിച്ചും വളരെ സൂക്ഷ്മമായി നിരീക്ഷിക്കുന്നവനാണവന്‍.

ലത്വീഫ് എന്ന സിഫത്തിന്റെ വെളിച്ചത്തില്‍ ഈ കാര്യങ്ങളെല്ലാം തന്നെ വിശുദ്ധഖുര്‍ആനില്‍ അല്ലാഹു വിവരിച്ചിട്ടുണ്ട്. സൂറ: അന്‍ആമിലെ 104-ാം ആയത്തില്‍ അല്ലാഹു പറയുന്നു:

لَا تُدْرِكُهُ الْاَبْصَارُ ۫ وَهُوَ يُدْرِكُ
الْاَبْصَارَ ۚ وَهُوَ اللَّطِيْفُ الْخَبِيْرُ ﴿١٠٤﴾ (6:104)

ദൃഷ്ടികള്‍ അവനിലേക്ക് എത്തുകയില്ല. എന്നാല്‍ അവന്‍ ദൃഷ്ടികളിലേക്ക് എത്തുന്നു. അവന്‍ അതി സൂക്ഷ്മനും എപ്പോഴും എല്ലാം അറിയുന്നവനുമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. ബാഹ്യദൃഷ്ടിക്കും ആന്തരികദൃഷ്ടിക്കും അവന്റെ പരമാർത്ഥം അറിയാൻ സാധ്യമല്ല. (നിങ്ങളുടെ ബാഹ്യദൃഷ്ടിക്കോ നിങ്ങളുടെ യുക്തിക്കോ അവനെ പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുന്നതല്ല. അല്ലാഹുവിനെ നേരിൽ കാണണം എന്ന പരിശ്രമമാണ് നടത്തുന്നതെങ്കിൽ അതൊരിക്കലും വിജയിക്കുന്നതല്ല.) കാരണം അല്ലാഹു പറയുന്നു. അവൻ لَطِيْف ആണ്. അവൻ കാണാത്ത, അതിസൂക്ഷ്മമായ പ്രകാശമാണ്. എന്നാൽ ആ പ്രകാശം ആരിലാണ് പതിക്കുന്നത് ആ വ്യക്തിയെ അത് പ്രകാശപൂരിതമാക്കുകയും അല്ലാഹുവിന്റെ അടയാളങ്ങളെ പ്രകടിപ്പിക്കുന്ന വ്യക്തിത്വമായി അദ്ദേഹം മാറുകയും ചെയ്യുന്നു. ഈ പ്രകാശം പ്രവാചകന്മാർക്കാണ് ഏറ്റവും കൂടുതൽ ലഭിക്കുന്നത്. അവരിൽ ഏറ്റവും കൂടുതൽ നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ക്കാണ് ഈ പ്രകാശം ലഭിച്ചത്. എന്നാൽ ബാഹ്യദൃഷ്ടികളിലും ആന്തരിക ദൃഷ്ടികളിലും അന്ധത ബാധിച്ചവർക്ക് ആ പ്രകാശത്തെ കാണാൻ സാധിച്ചില്ല. തിരുനബി (സ) യുടെ അനുഗ്രഹങ്ങളിൽനിന്നും അങ്ങനെയുള്ളവർ അകറ്റപ്പെടുകയും ചെയ്തു. വലിയ ബുദ്ധിമതികളാണെന്ന് നടിച്ചവർക്കും സമൂഹത്തിലെ നേതൃത്വത്തിലുള്ള ഉന്നതർക്കും അല്ലാഹുവിന്റെ പ്രകാശത്തെ ദർശിക്കാൻ സാധിച്ചില്ല. എന്നാൽ അല്ലാഹുവിന്റെ പ്രകാശം തങ്ങൾക്ക് ലഭിക്കണം എന്നാഗ്രഹിക്കുകയും അതിന്നായി ശരിയാംവണ്ണം പരിശ്രമിക്കുകയും ചെയ്ത പാവപ്പെട്ടവർക്ക് തിരുനബി (സ)ൽ അല്ലാഹുവിന്റെ പ്രകാശം പ്രതിബിംബിക്കുന്നത് കാണാൻ സാധിച്ചു. അതിനാൽ അല്ലാഹുവിന്റെ പ്രകാശം ദർശിക്കുന്നതിന് ഭൗതികമായ യുക്തിയോ സ്ഥാനമാനങ്ങളോ, ഭൗതിക വിദ്യാഭ്യാസമോ, പ്രതാപമോ അധികാരമോ ആവശ്യമില്ല, മറിച്ച് ഈ പ്രകാശത്തെ ലഭിക്കണമെന്ന ആത്മാർത്ഥ ആഗ്രഹം ഉണ്ടായിരിക്കണം. അങ്ങനെയുള്ളവർക്ക് അതിസൂക്ഷ്മനായ അല്ലാഹു ഈ പ്രകാശത്തെ കാണിച്ചുകൊടുക്കുന്നു. അവർക്ക് ആത്മീയ ഭക്ഷണം നൽകപ്പെടുകയും ചെയ്യുന്നു. അവൻ ഭൗതികമായ ഒരു സ്ഥാനമാനങ്ങളില്ലാത്തവനാണെങ്കിലും ശരി അത് ലഭിക്കണമെന്ന് അതിയായ ആഗ്രഹമുള്ളവനാണെങ്കിൽ അല്ലാഹു അവർക്ക് ഹിദായത്തിനുള്ള മാർഗങ്ങൾ സ്വയം ചെയ്തു കൊടുക്കുന്നതാണ്.

അല്ലാഹു തന്റെ പ്രകാശം, തൗഹീദ് സ്ഥാപിക്കുന്നതിന്നായി ലോകത്ത് വരുന്ന പ്രവാചകന്മാർ മുഖേനയാണ് പ്രകടമാക്കുന്നത്. അവർ അല്ലാഹുവിന്റെ പ്രകാശം സ്വീകരിച്ചുകൊണ്ട് നാലുഭാഗത്തും തൗഹീദിന്റെ പ്രചാരണം നടത്തുന്നു. ഈ പ്രകാശം തിരുനബി(സ) മുഖേനയാണ് ഏറ്റവും കൂടുതലായി ലോകത്ത് എത്തിയിട്ടുള്ളത്. കാരണം അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ഏറ്റവും കൂടുതൽ അറിവ് ആ പരിപൂർണ്ണ മനുഷ്യനാണ് ലഭിച്ചിട്ടുള്ളത്. അല്ലാഹുവിനെക്കുറിച്ചുള്ള ഈ അറിവ് കാരണം ആ പുണ്യാത്മാവ് അല്ലാഹുവിന്റെ നിറങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളുകയും അവന്റെ സിഫത്തുകളെ (ഗുണങ്ങളെ) പ്രതിഫലിപ്പിക്കുന്നവനായി മാറുകതയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇത് സംബന്ധമായി ഇപ്രകാരം അരുളുന്നു. "അദ്ദേഹം ആകാശത്ത് നിന്ന് പ്രകാശം (നൂറ്) കൊണ്ടുവന്നു. അദ്ദേഹം സ്വയം ഒരു പ്രകാശ (നൂറ്) മായിരുന്നു."

ഇക്കാലത്ത് ഹദ്റത്ത് റസൂൽ (സ) യുടെ യഥാർത്ഥ ദാസനെ ആ പുണ്യാത്മാവിന്റെ ദാസത്ത്വത്തിന്റെ ഫലമായി അല്ലാഹു ആ പ്രകാശത്താൽ പ്രഭാപൂരിതമാകുകയുണ്ടായി. വാഗ്ദത്ത മസീഹ് (അ) തന്നെക്കുറിച്ച് പറയുന്നു.

"ഇന്ന് ആ പ്രകാശത്തിന്റെ ശക്തമായ പ്രസരണം ഈ വിനീതനിൽ അലതല്ലുന്നുണ്ട്. ആ പ്രകാശത്തിന്റെ എല്ലാ നിറങ്ങളും നമ്മുടെ ഹൃദയത്തിന് നാം നൽകുകയുണ്ടായി. തിരുദൂതരുടെ പ്രകാശത്തിൽ നിന്ന് ഈ പ്രകാശം ലഭിച്ചതു മുതൽ സത്യവാനായ അല്ലാഹുവിന്റെ അസ്തിത്വത്തിൽ എന്റെ അസ്തിത്വം നാം ലയിപ്പിക്കുകയുണ്ടായി."

ഇന്ന് ആരാണോ ഹൃദയം സംശുദ്ധമാക്കിക്കൊണ്ട് അല്ലാഹുവിനെ പ്രാപിക്കാൻ ആഗ്രഹിക്കുന്നത് അവനിലേക്ക് അല്ലാഹു എത്തിച്ചേരുന്നതാണ്. ഇങ്ങിനെയുള്ളവർ കാലഘട്ടത്തിന്റെ ഇമാമിനെ സ്വീകരിക്കുന്നു. അവരിൽ അല്ലാഹു നിത്യവും അതിനൂതനമായ രീതിയിൽ തന്റെ ശക്തിപ്രഭാവം പ്രകടമാക്കുന്നു. ഇതു മുഖേന തൗഹീദിന്റെ യാഥാർത്ഥ്യം ദാസൻ മനസ്സിലാക്കുകയും ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത് അതാണ്. തിരുനബി (സ) യുടെ ദാസത്വം അല്ലാഹുവുമായി അദ്ദേഹത്തിന്റെ അസ്തിത്വം ലയിക്കുകയുണ്ടായി. ഈ ലയനം കാരണം ആ മഹാത്മാവും അല്ലാഹുവിലേക്ക് എത്തിച്ചേരാനുള്ള ഒരു മാർഗ്ഗമായിത്തീർന്നു. തിരുനബി(സ)യെ പൂർണ്ണമായും പിൻപറ്റിയതുകാരണം തൗഹീദിനെക്കുറിച്ചുള്ള യഥാർത്ഥ അറിവ് അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തു.

മുകളിലുള്ള ആയത്തിനെ വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് ഒരു സ്ഥലത്ത് ഇപ്രകാരം അരുളുന്നു. അല്ലാഹുവിന്റെ അസ്തിത്വം അതിനിഗൂഢവും അതിസൂക്ഷ്മവും മറകൾക്കപ്പുറത്തുള്ളതുമാണ്. ഒരു ബുദ്ധിക്കും അതിനെ കണ്ടെത്താൻ സാധ്യമല്ല. അവൻ പറയുന്നു.

لَا تُدْرِكُهُ الْأَبْصَارُ وَهُوَ يُدْرِكُ الْأَبْصَارَ

ബാഹ്യദൃഷ്ടികൾക്കും ആന്തരിക ദൃഷ്ടികൾക്കും അവനെ കണ്ടെത്താൻ സാധ്യമല്ല. ഓരോന്നിന്റെയും പര്യവസാനത്തെക്കുറിച്ചും അവൻ അറിയുന്നു. അവരെയെല്ലാം കീഴ്പ്പെടുത്തിയവൻ അവൻ തന്നെ. അതുകൊണ്ട് യുക്തികൊണ്ട് മാത്രം അവന്റെ തൗഹീദ് മനസ്സിലാക്കാൻ സാധ്യമല്ല. തൗഹീദിന്റെ പൊരുൾ എന്ന് പറഞ്ഞാൽ ബാഹ്യമായ പൊഴി ദൈവങ്ങളെ (ബിംബങ്ങൾ, മനുഷ്യൻ, സൂര്യൻ, ചന്ദ്രൻ എന്നിവയെ ആരാധിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുക) ഉപേക്ഷിക്കുന്നതുപോലെ മനുഷ്യൻ തന്റെ അകത്തളത്തിലുള്ള പൊഴിദൈവങ്ങളെയും വിട്ടൊഴിയുക എന്നതാണ്. അതായത് തന്റെ ആത്മീയവും ഭൗതികവുമായ കഴിവുകളിൽ ആശ്രയിക്കുന്നതിൽ നിന്നും അഹങ്കാരത്തിൽ അകപ്പെട്ടു പോകുന്നതിൽ നിന്നും രക്ഷപ്പെടുക. ഇതിൽ നിന്നും മനസ്സിലാകുന്നത് അഹങ്കാരം ഉപേക്ഷിക്കുകയും പ്രവാചകന്റെ കോന്തല പിടിക്കുകയും ചെയ്യാതെ പൂർണ്ണമായ തൗഹീദ് കരസ്ഥമാക്കാൻ സാധ്യമല്ല എന്നാണ്. ആരെങ്കിലും തന്റെ ഏതെങ്കിലും ശക്തിയെ ദൈവത്തിന് സമാനമാക്കുകയാണെങ്കിൽ അവൻ എങ്ങിനെ തൗഹീദ് വാദിയായിത്തീരാനാണ്. അല്ലാഹുവിന്റെ പ്രകാശം കരസ്ഥമാക്കുന്നതിനും സമ്പൂർണ്ണ തൗഹീദ് കരസ്ഥമാക്കുന്നതിന്നുമുള്ള ഒരു ദാസന്റെ പരിശ്രമം ഈ രീതിയിലായിരിക്കണം ഉണ്ടാകേണ്ടത്. ആദ്യം തന്റെ അകത്തുള്ള

പൊഴി ദൈവങ്ങളെ പുറത്തേക്ക് വലിച്ചെറിയുക. എനിക്ക് പണമുണ്ടെന്നും ഞാൻ സമുദായത്തിലെ ലീഡറാണെന്നും അതോടൊപ്പം ഞാൻ മുസ്‌ലിമാണെന്നും എനിക്ക് ഇനി ഒന്നിന്റെയും ആവശ്യമില്ലെന്നും പറയുന്നത് തികച്ചും അബദ്ധമാണ്. എനിക്ക് ദീനി അറിവുണ്ടെന്നും ആത്മീയതയിൽ ഞാൻ എത്രയോ ഉയരത്തിരിക്കുന്നുവെന്നും ഒരു സമൂഹം തന്നെ എന്റെ കീഴിലുണ്ടെന്നും അതുകാരണം എനിക്ക് അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനങ്ങൾ കിട്ടിയിരിക്കുന്നുവെന്നും ആരെങ്കിലും വാദിക്കുകയാണെങ്കിൽ അതും തെറ്റുതന്നെ. കാരണം ഇതിന്റെ എല്ലാം പിന്നിൽ മറഞ്ഞിരിക്കുന്ന അഹങ്കാരമുണ്ട്. ഇതുകാരണം അവരുടെ ഒരു പ്രവർത്തനവും അത് അല്ലാഹുവിന്റെ പേരിൽ നീതി നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയാണെങ്കിലും മതപ്രചാരണത്തിന് പരിശ്രമിക്കുകയാണെങ്കിലും മതപ്രചാരണം നടത്തുന്നു എന്ന് വാദിക്കുകയാണെങ്കിലും അതുമല്ലെങ്കിൽ ശരീഅത്ത് സ്ഥാപിക്കുവാനുള്ള പരിശ്രമമാണ് നടത്തുന്നതെങ്കിൽപോലുംഒരു പ്രവൃത്തിയും തന്നെ സദുദ്ദേശത്തോടുകൂടിയല്ല ചെയ്യുന്നത്. കാരണം ഹൃദയത്തിലുള്ള അഹങ്കാരം ദൂരീകരിക്കപ്പെട്ടില്ല. അവരുടെ ഹൃദയത്തിൽ ദൈവേതര ശക്തികൾ താവളമടിച്ചിരിക്കുകയാണ്. ഇതുകാരണമാണ് കാലഘട്ടത്തിലെ ഇമാമിനേയും നിഷേധിച്ചിരിക്കുന്നത്. അതുകൊണ്ട് അല്ലാഹുവിന്റെ പ്രകാശം അവരിലേക്ക് എത്തുന്നതിന് അവർക്കും അതിനുമിടയിലുള്ള മറകൾ തടസ്സം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു പറയുന്നു. അവൻ لَطِيْف ആണ് ,അതീവസൂക്ഷ്മനാണ്. അതോടൊപ്പം خبيرുമാണ്. എല്ലാം നല്ലതുപോലെ അറിയുന്നവനുമാണ്. അവൻ പരിശുദ്ധഹൃദയത്തിൽ പ്രവേശിക്കുന്ന പ്രകാശമാണ്. അതോടൊപ്പം ഓരോരുത്തരുടേയും ഹൃദയത്തിൽ എന്താണുള്ളതെന്ന് സൂക്ഷ്മമായി നിരീക്ഷിക്കുന്നവനും കൂടിയാണവൻ. ആരുടെ ഹൃദയം ദൈവേതര ശക്തികളാൽ നിറഞ്ഞിരിക്കുന്നുവോ ആരുടെ കണ്ണുകൾ ഭൗതികമായ അനുഗ്രഹങ്ങളിൽ നിമഗ്നമായിരിക്കുന്നുവോ അവിടങ്ങളിൽ അല്ലാഹുവിന്റെ പ്രകാശം എത്തുകയില്ല. യഥാർത്ഥ അർത്ഥത്തിൽ അല്ലാഹു പറഞ്ഞ وَهُوَ يُدْرِكُ الْأَبْصَارَ അവൻ സ്വയം ദൃഷ്ടികളിലേക്ക് എത്തിച്ചേരുന്നതാണ് എന്നതിൽ നിന്നും ഫലമനുഭവിക്കേണമെങ്കിൽ നമ്മുടെ ഹൃദയം പരിശുദ്ധമാക്കേണ്ടത് അനിവാര്യമാണ്. അല്ലാഹു നമുക്കു ഇതിനുള്ള തൗഫീഖ് നൽകിക്കൊണ്ടിരിക്കുമാറാകട്ടെ.

മറ്റൊരായത്തിൽ അല്ലാഹു പറയുന്നു.

وَرَفَعَ أَبَوَيْهِ عَلَى الْعَرْشِ وَخَرُّوا لَهُ
سُجَّدًا ۖ وَقَالَ يَا أَبَتِ هَٰذَا تَأْوِيلُ رُؤْيَايَ
مِن قَبْلُ قَدْ جَعَلَهَا رَبِّي حَقًّا ۖ وَقَدْ
أَحْسَنَ بِي إِذْ أَخْرَجَنِي مِنَ السِّجْنِ
وَجَاءَ بِكُم مِّنَ الْبَدْوِ مِن بَعْدِ أَن نَّزَغَ
الشَّيْطَانُ بَيْنِي وَبَيْنَ إِخْوَتِي ۚ إِنَّ رَبِّي
لَطِيفٌ لِّمَا يَشَاءُ ۚ إِنَّهُ هُوَ الْعَلِيمُ الْحَكِيمُ
(12:101)

ഇവിടെ ഹദ്റത്ത് യൂസുഫ് (അ) ന്റെ സംഭവമാണ് വിവരിക്കുന്നത്. അദ്ദേഹം ആദരവോടുകൂടി തന്റെ മാതാപിതാക്കന്മാരെ മണ്ഡപത്തിൽ ഉയർത്തിയിരുന്നു. അവരെല്ലാം അദ്ദേഹത്തിന്റെ കാരണത്താൽ സാഷ്ടാംഗം പ്രണമിക്കുന്നവരായി വീണു. അദ്ദേഹം പറഞ്ഞു. എന്റെ പിതാവേ, ഞാൻ മുമ്പ് കണ്ട എന്റെ സ്വപ്നത്തിന്റെ സാക്ഷാത്കാരമാണിത്. അത് എന്റെ നാഥൻ യാഥാർത്ഥ്യമാക്കിയിരിക്കുന്നു. എന്നെ തുറുങ്കിൽ നിന്ന് അവൻ മോചിപ്പിച്ചപ്പോഴും എനിക്കവൻ ഔദാര്യം ചെയ്തിട്ടുണ്ട്. പിശാച് എന്റെയും എന്റെ സഹോദരങ്ങളുടേയും ഇടയിൽ ഭിന്നിപ്പുണ്ടാക്കിയതിനുശേഷം മരുപ്രദേശത്തുനിന്ന് അവൻ (അല്ലാഹു) നിങ്ങളെ കൊണ്ടുവരുകയും ചെയ്തിരിക്കുന്നു. തീർച്ചയായും എന്റെ നാഥൻ അവനുദ്ദേശിക്കുന്നവർക്ക് കരുണ ചെയ്യുന്നവനാകുന്നു. അവൻ സർവജ്ഞനും യുക്തിജ്ഞനുമാണ്. (12:101)

ഈ ആയത്തിൽ ഹദ്റത്ത് യൂസുഫ് (അ) അല്ലാഹുവിന്റെ لَطِيْف എന്ന ഗുണനാമത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു ചെയ്ത അനുഗ്രഹങ്ങളും കാരുണ്യങ്ങളുമാണ് വിവരിക്കുന്നത്. അദ്ദേഹത്തിന്റെ പരിശുദ്ധ ഹൃദയം കാരണം ചെറുപ്രായത്തിൽ തന്നെ അദ്ദേഹത്തിന് അല്ലാഹു സത്യസ്വപ്നങ്ങൾ കാണിച്ചു കൊടുത്തിരുന്നു. ഇന്ന് ഈ കുടുംബസംഗമത്തിൽ ചെറുപ്പത്തിൽ കണ്ട ആ സ്വപ്നം അദ്ദേഹത്തിന് ഓർമ്മ വരികയാണ്. സഹോദരന്മാരുടെ അക്രമനടപടികൾ ഉണ്ടായിട്ടുകൂടി പരീക്ഷണഘട്ടങ്ങളിൽ അല്ലാഹു അദ്ദേഹത്തിന്റെ സുഹൃത്തും സഹായിയുമായി വർത്തിച്ചു. അദ്ദേഹത്തെ സംരക്ഷിക്കുകയുണ്ടായി. ഇന്ന് ഭൗതികമായ നിലയിൽ ഉയർന്ന സ്ഥാനം നൽകികൊണ്ട് അദ്ദേഹം ചെയ്ത ത്യാഗത്തിന് തന്റെ لَطِيْف എന്ന ഗുണത്തിലൂടെ അല്ലാഹു അദ്ദേഹത്തിന് അതിമഹത്തായ അനുഗ്രഹങ്ങൾ നൽകുകയുണ്ടായി. ഇവിടെ ഹദ്റത്ത് യൂസുഫ് നബി (അ) ന് അദ്ദേഹത്തിന്റെ ത്യാഗത്തിനുള്ള പ്രതിഫലം ലഭിച്ചതോടൊപ്പം ഹദ്റത്ത് യഅ്ഖൂബ് (അ) ചെയ്ത ത്യാഗത്തിനുള്ള പ്രതിഫലവും നൽകുകയും തന്റെ മകന് ഭൗതികമായി ലഭിച്ച ഉന്നത പദവി കാണാൻ കഴിയുന്നതുവരെ അദ്ദേഹത്തെ അല്ലാഹു ജീവിപ്പിച്ചു നിർത്തുകയും ചെയ്തു. അല്ലാഹുവിന്റെ മറ്റു സിഫത്തുകളിലേക്കും ഈ സൂക്തം വെളിച്ചം വീശുന്നു. അല്ലാഹു പിതാവിന്റെയും പുത്രന്റെയും വലിയായിത്തീരുന്നു. അവരെ പ്രയാസങ്ങളിൽ നിന്നം രക്ഷപ്പെടുത്തിക്കൊണ്ടിരുന്നു. ക്ഷമയും ധൈര്യവും അവർക്ക് പകർന്നു കൊടുക്കുകയും ചെയ്തു. ആത്മാർത്ഥരായ ഈ പിതാവും പുത്രനും കാരണം മറ്റു മക്കളുടെ ഇസ്വ്‌ലാഹും (സംസ്ക്കരണവും) നടക്കുകയും ചെയ്തു. അതുകൊണ്ട് പരസ്പരം ദുആ ചെയ്യുന്നതിലൂടെ ഇസ്‌ലാഹിനുള്ള മാർഗം തുറക്കപ്പെടുമെന്ന വിഷയവും ഇവിടെ വ്യക്തമാകുന്നുണ്ട്. എത്രമാത്രം പരസ്പരം അടുപ്പവും ബന്ധവുമുണ്ടോ അതനുസരിച്ച് ദുആയും അതികരിക്കുന്നതാണ്. തിരുനബി (സ) തന്റെ സമൂഹത്തിന്റെ ഇസ്‌ലാഹിന്ന് വേണ്ടി വളരെയധികം പ്രാർത്ഥിച്ചിട്ടുണ്ടായിരുന്നു. ഏതെങ്കിലും ഗോത്രത്തെക്കുറിച്ച് അവർ ശക്തമായി എതിർക്കുന്നുണ്ടെന്നും അവർക്കായി ശാപപ്രാർത്ഥന നടത്തണമെന്നും തിരുനബി(സ) യോട് പറയപ്പെട്ടാൽ ശാപപ്രാർത്ഥന നടത്തുന്നതിനുപകരം അവരുടെ ഹിദായത്തിന്നായി പ്രാർത്ഥിക്കുകയാണ് ചെയ്തിരുന്നത്. മാത്രമല്ല ഹിദായത്തിന് വേണ്ടി പ്രാർത്ഥിക്കാൻ തന്റെ ഉമ്മത്തിനെ ആ പുണ്യാത്മാവ് ഉപദേശിക്കുകയും ചെയ്തു.

അതുകൊണ്ട് ഇന്ന് ഉമ്മത്തെ മുസ്ലിമക്ക് വേണ്ടി നാമും ദുആ ചെയ്യേണ്ടത് അനിവാര്യമാണ്. അല്ലാഹു ഇവരുടെ ഹൃദയം ശുദ്ധമാക്കട്ടെ അല്ലാഹുവിന്റെ പ്രകാശം ഇവരിലും ഇറങ്ങുമാറാകട്ടെ.

സൂറത്തുൽ ഹജ്ജിലെ 64-ാം ആയത്തിൽ അല്ലാഹു പറയുന്നു:

أَلَمْ تَرَ أَنَّ اللَّهَ أَنزَلَ مِنَ السَّمَاءِ مَاءً
فَتُصْبِحُ الْأَرْضُ مُخْضَرَّةً ۗ إِنَّ اللَّهَ
لَطِيفٌ خَبِيرٌ ﴿٦٤﴾ (22:64)

നീ കണ്ടില്ലെ. അല്ലാഹു ആകാശത്തുനിന്ന് വെള്ളമിറക്കുന്നു. തത്ഫലമായി ഭൂമി പച്ചപിടിക്കുന്നു. അല്ലാഹു അതിസൂക്ഷ്മനും എല്ലാം അറിയുന്നവനുമാകുന്നു.

ഈ ആയത്തിൽ لَطِيْف എന്ന സിഫത്ത് വിവരിച്ചു കൊണ്ട് പുതിയ ഒരു വിഷയമാണ് അല്ലാഹു വിവരിക്കുന്നത്. ആത്മീയവും ഭൗതികവുമായ ജീവിത വെള്ളം മുഖേനയാണ് ലഭിക്കുന്നത്. ആത്മീയ ജീവിതം കരഗതമാകുന്നതിന് വേണ്ടി സർവ്വശക്തികളുടേയും ഉടമസ്ഥനായ അല്ലാഹുവിലേക്ക് ശ്രദ്ധതിരിക്കേണ്ടതാണ്. ഇവിടെ ആകാശത്ത് നിന്ന് വെള്ളം ഇറക്കുന്നതിനെ ഉദാഹരണമായി സമർപ്പിക്കാനുള്ള കാരണം മഴ ആകാശത്തുനിന്ന് പെയ്തുകൊണ്ട് ഭൂമിയെ പച്ചളിപ്പുള്ളതായി മാറ്റുന്നതുപോലെ ആത്മീയ ജലം ഭൂമിയിൽ ഇറങ്ങി മനുഷ്യന് ആത്മീയത പ്രദാനം ചെയ്യുന്നു. ആകാശത്ത് നിന്ന് മഴവർഷിക്കുമ്പോൾ പാറകൾക്കും മരുപ്രദേശങ്ങൾക്കും അത് വലിയ ഗുണമൊന്നും ചെയ്യാറില്ല. ഇതേപോലെ ആത്മീയജലവും നന്മയുടെ സ്പുരണങ്ങളുള്ള വിശുദ്ധ ഹൃദയത്തിന് മാത്രമേ ഫലം ചെയ്യുകയുള്ളൂ. ജീവന്റെ അടയാളമായ വെള്ളം ഭൂമിയിൽ പതിക്കുമ്പോൾ ഭൂമി പച്ചളിപ്പുള്ളതും ജീവസുറ്റതുമായിത്തീരുന്നതോടൊപ്പം പക്ഷിമൃഗാതികളും വണ്ടുകളും ഷഡ്പദങ്ങളും പോലുള്ള ജീവിവർഗ്ഗവും ഗുണമെടുക്കുന്നു. അവരുടെ ജീവിതം ഇതുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ഈ വെള്ളം പാറകളിലും മരുപ്രദേശങ്ങളിലും സമതലത്തിൽ ഉണ്ടാകുന്നത് പോലുള്ള ഉണർവ് നൽകുന്നില്ല. എന്നാൽ അവർക്കും അൽപസ്വൽപമായ ഗുണങ്ങൾ ഇതുകൊണ്ട് ഉണ്ടാകുന്നു. ജീവന്റെ ഒരംശം അവിടെയുണ്ടെങ്കിൽ അവർക്കും പ്രയോജനം ചെയ്യുന്നു. ഇതേപോലെ ആത്മീയജലം ഇറങ്ങുമ്പോൾ നന്മയുള്ള ഹൃദയങ്ങൾക്ക് പുതിയ ജീവൻ നൽകുകയും അവിടെ പുതിയ നാമ്പുകൾ മുളക്കുകയും അങ്ങിനെ അത് വളർന്ന് പന്തലിച്ച് പുഷ്പിക്കുകയും കായ്ക്കുകയും എല്ലാം ചെയ്യുന്നു. ആത്മീയജലം പരിശുദ്ധ ഹൃദയമുള്ളവർക്ക് ഗുണം ചെയ്യുന്നതുപോലെ എതിരാളികൾ ഇതിനെ എതിർത്തുകൊണ്ട് ഭൗതികമായ നേട്ടങ്ങൾ കൊയ്യുകയും ചെയ്യുന്നു. ഹരിതകം മനുഷ്യനും ജീവജാലകങ്ങൾക്കും പ്രയോജനം നൽകുന്നതുപോലെ ആത്മീയജലവും ഫലഭൂയിഷ്ടമുള്ള ഹൃദയങ്ങൾക്ക് ഫലദായകമായിത്തീരുന്നതോടൊപ്പം കരിങ്കല്ല് പോലത്തെ ഹൃദയമുള്ളവർക്കും ഫലം നൽകുന്നു. പക്ഷെ അത് ഭൗതിക നേട്ടങ്ങൾ ആണെന്ന് മാത്രം.

നമ്മുടെ ജമാഅത്ത് വളർന്നുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിലെല്ലാം എതിർപ്പുകളും ശക്തമായിക്കൊണ്ടിരിക്കുന്നതായി നമുക്ക് കാണാൻ സാധിക്കുന്നതാണ്. അവർ രാഷ്ട്രീയവും സാമ്പത്തികവുമായ നേട്ടങ്ങൾ ഇതുമുഖേന കൊയ്യാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനം ഇവർക്ക് ഭൗതിക നേട്ടത്തിനുള്ള കാരണമായിത്തീർന്നിരിക്കുകയാണ്. ചുരുക്കത്തിൽ ഏതെങ്കിലും രീതിയിലുള്ള ഗുണം എല്ലായിടത്തും ലഭിച്ചുകൊണ്ടിരിക്കുന്നു. ചിലപ്പോൾ ഇത് ചിലർ പ്രകടിപ്പിക്കാറുമുണ്ട്.

അല്ലാഹു മനുഷ്യരിൽ മൃതാവസ്ഥ കാണുമ്പോൾ ആകാശത്ത് നിന്ന് വെള്ളം ഇറക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് വിവരിച്ചതുപോലെ തക്കസമയത്ത് ആകാശത്ത് നിന്ന് വന്ന ജലമാണ് ഞാൻ. കരയിലും കടലിലും ഫസാദ് വ്യാപിച്ച അവസ്ഥ അല്ലാഹു കാണുമ്പോൾ പ്രവാചകന്മാർ മുഖേന ആത്മീയ ജലം അവൻ ഇറക്കുന്നു. അന്ധകാര നിബിഢമായ കാലത്ത് തിരുനബി (സ) യെ അയച്ചുകൊണ്ട് അല്ലാഹു പരിപൂർണ്ണ മതവും ശരീഅത്തും അവതരിപ്പിക്കുകയുണ്ടായി. അത് മനുഷ്യാത്മാക്കൾക്ക് ജീവജലം നൽകുകയും ചെയ്തു. തിരുനബി (സ) യുടെ പ്രവചന പ്രകാരം ആയിരം വർഷങ്ങൾക്ക് ശേഷം ഭൂമിയിൽ വീണ്ടും അന്ധകാരം വ്യാപിച്ചപ്പോൾ ആ മഹാത്മാവിന്റെ പ്രിയ ശിഷ്യനെ അല്ലാഹു അയക്കുകയുണ്ടായി. മുമ്പ് يُحْيِي الْأَرْضَ بَعْدَ مَوْتِهَا എന്ന ദൃശ്യം കാണിച്ചതുപോലെ ഇവിടെ വീണ്ടും കാണിക്കുന്നതിന്. പ്രകാശം കരസ്ഥമാക്കാനുള്ള യഥാർത്ഥ ആഗ്രഹമുള്ള ഹൃദയങ്ങൾക്ക് പ്രകാശം ഇതു മുഖേന എത്തിക്കുന്നതാണ്. لَطِيْف , خَبِير എന്നീ സിഫത്തുകൾ പരാമർശിച്ചുകൊണ്ട് അല്ലാഹു പറയുന്നത് ആർക്കാണ് സത്യം അന്വേഷിക്കുന്നതിനുള്ള യഥാർത്ഥ ആഗ്രഹമുള്ളത് എന്ന് അല്ലാഹുവിന് നല്ലതുപോലെ അറിയാം എന്നാണ്.

സൂറ: ശൂറായിലെ 20-ാം ആയത്തിൽ അല്ലാഹു പറയുന്നു.

اللَّهُ لَطِيفٌ بِعِبَادِهِ يَرْزُقُ مَن يَشَاءُ ۖ
وَهُوَ الْقَوِيُّ الْعَزِيزُ ﴿٢٠﴾ 42:20

അല്ലാഹു തന്റെ ദാസന്മാരോട് വളരെ കരുണയുള്ളവനാണ്. താനുദ്ദേശിക്കുന്നവർക്ക് അവൻ ജീവിതവിഭവം നൽകുന്നു. അവൻ ശക്തനും പ്രതാപവാനുമത്രെ.

ഇവിടെ അല്ലാഹു ആകാശത്ത് നിന്ന് റിസ്ഖ് നൽകുന്നതിനെക്കുറിച്ചാണ് പറയുന്നത്. എന്നാൽ ആത്മീയ റിസ്ഖ് (ഭക്ഷണം) അന്വേഷിക്കുന്നവർക്കാണ് പ്രയോജനം ലഭിക്കുകയുള്ളൂ. ആത്മീയഭക്ഷണം അന്വേഷിക്കുന്നവർക്ക് ഭൗതിക വിഭവങ്ങൾ ലഭിക്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തതുകൊണ്ട് തീർച്ചയായും അവർക്ക് ലഭിക്കുന്നതാണ്. അല്ലാഹു പറയുന്നു.

وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ

അവർ പ്രതീക്ഷിക്കാത്ത സ്ഥലങ്ങളിൽ നിന്ന് അവർക്ക് റിസ്ഖ് നൽകുന്നതാണ്. അതിനാൽ മുഅ്മിനായ വ്യക്തിയോട് ഈ വാഗ്ദാനം ഉള്ളതുകൊണ്ട് ആത്മീയ വിഭവങ്ങൾ സമാഹരിക്കുന്നതിന് പ്രയത്നിക്കുന്നവർക്ക് ഭൗതിക വിഭവങ്ങളും ആർജിക്കാൻ സാധിക്കുന്നതാണ്. ആത്മീയജലം അന്വേഷിക്കുന്നവർക്ക് അല്ലാഹു അവരുടെ ന്യൂനതകൾ മറച്ചുവെച്ചുകൊണ്ട് അവരോട് സഹിഷ്ണുത കാണിച്ചുകൊണ്ട്, അവരുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുത്തുകൊണ്ട് തന്റെ പ്രകാശം തിരിച്ചറിയാനുള്ള കഴിവ് നൽകുന്നു. ഈ ആയത്തിന്റെ അവസാനത്തിൽ قَوِيٌّ عَزِيْز എന്ന്

പറഞ്ഞുകൊണ്ട് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത് കാരുണ്യവാനായ അല്ലാഹുവിലേക്ക് നിങ്ങൾ തിരിയുന്നില്ലെങ്കിൽ അവൻ ശക്തവാനാണ് എന്നാണ്. എല്ലാ ശിക്ഷയുടേയും കേന്ദ്രം അവനാണ്. അവന്റെ ശിക്ഷയും വളരെ കഠിനതരമാണ്. വിജയം അല്ലാഹു അയച്ചവർക്ക് തന്നെയാണ്. അല്ലാഹുവിന്റെ പ്രവാചകന്മാരോടും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും അല്ലാഹു നൽകിയിരിക്കുന്ന വാഗ്ദാനമാണിത്. എതിർപ്പുകൾക്ക് ഈ പ്രകാശത്തെ ഊതിക്കെടുത്താൻ സാധ്യമല്ല. അല്ലാഹു അയച്ചവരാൽ സ്ഥാപിതമായ ജമാഅത്തിനെ ആർക്കും നശിപ്പിക്കാൻ സാധ്യമല്ല. അല്ലാഹുവും അവന്റെ പ്രവാചകരും തന്നെ യാണ് വിജയിക്കുക എന്നത് അല്ലാഹുവിന്റെ മാറ്റമില്ലാത്ത വിധി യാണ്. ഭൗതികരുടെ നിലനിൽപ്പ് തന്നെ ലത്വീഫായ അല്ലാഹുവിന്റെ ജമാഅത്തിനെ എതിർക്കുന്നതിൽ നിന്നും വിട്ടുനിൽക്കുന്നതിലാണുള്ളത്.

ഇന്ന് പാക്കിസ്ഥാനിൽ പൊതുവിൽ വളരെ മോശമായ അവസ്ഥയാണുള്ളത്. അതുകൊണ്ട് അവർക്കായി ദുആ ചെയ്യുക. ഇന്ന് ലോകം പാക്കിസ്ഥാനെ കാണുന്നത് ഏറ്റവും കൂടുതൽ ഭീകരപ്രവർത്തനങ്ങളുള്ള നാടായിട്ടാണ്. അവിടെ നിന്നും വരുന്ന വാർത്തകളിൽ നിന്നും നാട്ടിൽ വലിയ ഫസാദാണ് നടക്കുന്നതെന്ന് മനസ്സിലാകുന്നു. അവിടെ ആരും സുരക്ഷിതരല്ല. അഹ്മദികളും അനഹ്മദികളും സുരക്ഷിതരല്ല. അഹ്മദികൾ പ്രത്യേകിച്ചും സുരക്ഷിതരല്ല. ഒന്ന് നാടിന്റെ അവസ്ഥ കാരണം പാക്കിസ്ഥാനി എന്ന നിലയിൽ അഹ്മദികൾ പ്രയാസങ്ങൾ നേരിടുന്നു. അതോടൊപ്പം അഹ്മദി എന്ന നിലയിലും ഇക്കാലത്ത് വളരെയധികം കഷ്ടതകൾ അനുഭവിച്ചു കൊണ്ടിരിക്കുന്നു. അഹ്മദികൾക്കെതിരിൽ അവസരം ലഭിക്കുമ്പോഴെല്ലാം അവർ നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്നു. അഹ്മദികൾക്കെതിരിൽ ലഭിക്കുന്ന ഒരവസരവും അവർ പാഴാക്കുന്നില്ല. നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുപോലെ കഴിഞ്ഞ ദിവസങ്ങളിൽ 14,15 വയസ്സിനിടയിലുള്ള നാല് കുട്ടികളെ വളരെ ഭയാനകമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി. ഇതുവരെ അവർക്ക് ജാമ്യത്തിന്നായി പരിശ്രമിച്ചിട്ടും ജാമ്യം ലഭിച്ചിട്ടില്ല. ഇതേപോലെ പല തെറ്റായ ആരോപണങ്ങളും ഉന്നയിച്ചുകൊണ്ട്, نَعُوذُبِاللهِ തിരുനബി (സ) യെ ആക്ഷേപിച്ചു എന്ന ആരോപണമെല്ലാം ഉന്നയിച്ചുകൊണ്ട് പലരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. മാത്രമല്ല ജമാഅത്തിന്നെതിരിൽ വളരെ മോശമായ ഗൂഢപദ്ധതികൾ അവർ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നു. ചില സ്ഥലങ്ങളിൽ ഇതിന് ഗവൺമെന്റും സപ്പോർട്ട് ചെയ്യുന്നുണ്ട്. ബാദ്ശാഊ പള്ളിയിൽ കഴിഞ്ഞ ദിവസം ഖതമുന്നുബുവ്വത്ത് സമ്മേളനം നടന്നു. അതിൽ വഖഫ് ബോർഡിന്റെ മന്ത്രിയും മൗലാന ഫള്‌ലുർറഹ്മാനും മറ്റും പങ്കെടുക്കുകയും അവർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്നെതിരിൽ അതിനീചമായ ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ജമാഅത്തിന്നെതിരിലും പല ആരോപണങ്ങളും അവർ ഉന്നയിച്ചു. ഇപ്പോൾ ഗവൺമെന്റും മൗലവിമാരുടെ കൂടെകൂടി നമുക്കെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്. ചുരുക്കത്തിൽ ഇക്കാലത്ത് പാക്കിസ്ഥാനിൽ അഹ്മദികളുടെ അവസ്ഥ വളരെ അപകടകരമായ നിലയിലാണുള്ളത്. അതുകൊണ്ട് കൂടുതലായി നാം പ്രാർത്ഥന നിരതരാകേണ്ടതാണ്. അല്ലാഹു എല്ലാ അഹ്മദികളുടേയും ജീവനും സ്വത്തും സംരക്ഷിക്കുകയും എല്ലാവിധ ഫിത്നകളിൽ നിന്നും ശര്റിൽ നിന്നും എല്ലാവരേയും കാത്തു രക്ഷിക്കുകയും ചെയ്യുമാറാകട്ടെ. പാക്കിസ്ഥാനിലെ അഹ്മദികൾ അവർ തങ്ങളുടെ അവസ്ഥ കാരണം നേരത്തെ തന്നെ ദുആ ചെയ്യുന്നവരാണ്. എന്നാൽ അവർ കൂടുതലായി ഈ അവസരത്തിൽ ദുആ ചെയ്യേണ്ടതാണ്. അതോടൊപ്പം ലോകത്തുള്ള അഹ്മദികളും തങ്ങളുടെ സഹോദരങ്ങൾക്കായി പ്രത്യേകം ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അവരെ തന്റെ സംരക്ഷണത്തിൽ നിലനിറുത്തുമാറാകട്ടെ. ഇന്ത്യയിലും മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ നമുക്കെതിരെ എതിർപ്പുകൾ പൊങ്ങിവരുന്നുണ്ട്. ഇന്തോനേഷ്യയിലും ഇങ്ങിനെയുള്ള അവസ്ഥകൾ ഇടക്കിടക്ക് വരാറുണ്ട്. ഈ രണ്ട് നാട്ടിലും ഇപ്പോൾ ആ നാട്ടിലെ തെരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. നീതി നടപ്പിൽ വരുത്തുകയും പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്ന ഭരണകൂടം അല്ലാഹു കൊണ്ടു വരുന്നതിന്നായും നാം ദുആ ചെയ്യേണ്ടതാണ്. കിർക്കിസ്ഥാനിലും കസാക്കിസ്ഥാനിലും അവിടത്തെ ഗവൺമെന്റ് മുല്ലാക്കളുടെ സ്വാധീനം കാരണം അഹ്മദികളെ ബുദ്ധിമുട്ടിപ്പിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്തിന്നെതിരിൽ ആസൂത്രിതമായി നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അവർക്ക് വേണ്ടിയും പ്രത്യേകം നാം ദുആ ചെയ്യേണ്ടതാണ്. അല്ലാഹു ലോകത്ത് എല്ലായിടത്തും ഓരോ അഹ്മദിയേയും തന്റെ ഫള്ൽ കൊണ്ട് അനുഗ്രഹിക്കുമാറാകട്ടെ. തന്റെ لَطِيْف എന്ന സിഫത്തിന്റെ അനുഗ്രഹം അവർക്കൊരോരുത്തർക്കും നൽകുമാറാകട്ടെ. അഹ്മദികളും ദുആയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നവരായിത്തീരട്ടെ. അല്ലാഹു എല്ലാവരെയും സംരക്ഷിക്കുമാറാകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 17 - 04 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**